# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് അറുപത്തൊന്ന്

## തളിർക്കുന്ന വടി

### (1)

Sat ഈ ദൂതിൽ തളിർക്കുന്ന വടിയുടെ വിഷയത്തിലേക്ക് നാം വരുന്നു (എബ്രാ. 9:4; സംഖ്യ. 17:1-10). തളിർക്കുന്ന വടിയുടെ പൂർണമായ പ്രാധാന്യം അനേകം ക്രിസ്ത്യാനികളും തിരിച്ചറിഞ്ഞിട്ടില്ല. ഒറ്റ രാത്രികൊണ്ട് തളിർക്കുകയും, പൂക്കുകയും ഫലംകായ്ക്കുകയും ചെയ്ത ഉണങ്ങിയ ഒരു തടിക്കഷ്ണത്തിന്റെ രസകരമായ ബൈബിൾ കഥയായി മാത്രമേ അനേകരും തളിർക്കുന്ന വടിയുടെ വിവരണത്തെ കരുതുന്നുള്ളൂ. എന്നാൽ ഈ സംഭവം ദിവ്യവെളിപാടിൽ ഒരു ചെറിയ കാര്യമല്ല.

നിരവധി ക്രിസ്ത്യാനികൾ കൂടാരത്തിന് ശ്രദ്ധ നല്കുന്നു. കൂടാരത്തോടുകൂടെ പ്രാകാരത്തിൽ യാഗപീഠവും തൊട്ടിയും; വിശുദ്ധസ്ഥലത്ത് കാഴ്ചയപ്പത്തിന്റെ മേശയും, നിലവിളക്കും, ധൂപപീഠവും; അതിവിശുദ്ധസ്ഥലത്ത് സാക്ഷ്യപെട്ടകവും ഉണ്ടെന്ന് നാം കണ്ടു. അതിവിശുദ്ധസ്ഥലത്തിലെ നിസ്തുല ഏകകമായ സാക്ഷ്യപെട്ടകം ദൈവത്തിന്റെ നിസ്തുല സാക്ഷ്യമെന്ന നിലയിൽ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. പെട്ടകത്തിലെ ഉള്ളടക്കങ്ങളിൽ മൂന്നു വസ്തുക്കളുണ്ട്: മറഞ്ഞിരിക്കുന്ന മന്നയും, തളിർക്കുന്ന വടിയും, ന്യായപ്രമാണത്തിന്റെ പലകകളും. കഴിഞ്ഞ മൂന്നു ദൂതുകളിൽ മറഞ്ഞിരിക്കുന്ന മന്ന എന്ന ഒന്നാമത്തെ വസ്തുവിനെക്കുറിച്ചു നാം ചിന്തിച്ചു. മന്നയെക്കുറിച്ച് അനേകം ക്രിസ്ത്യാനികൾക്കും കുറച്ചൊക്കെ അറിയാം, കാരണം ഇത് ജീവന്റെ അപ്പമായ ക്രിസ്തുവിനെ സൂചിപ്പിക്കുന്ന സ്വർഗീയാഹാരമാണെന്ന് അവരറിയുന്നു. എന്നാൽ തളിർക്കുന്ന വടിയുടെ പ്രാധാന്യം മനസ്സിലാക്കുന്നത് പ്രയാസമാണ്.

### അനുഭവങ്ങളുടെ മൂന്ന് പ്രതീകങ്ങൾ

യിസ്രായേൽമക്കൾക്ക് മരുഭൂമിയിൽ നിരവധി അനുഭവങ്ങളുണ്ടായിരുന്നു; അവർ കടന്നുപോയ അനുഭവങ്ങളിൽ മൂന്നെണ്ണം

തന്റെ സന്നിധിയിൽ വയ്ക്കുവാൻ കർത്താവ് അവരോട് കല്പിച്ചു. ഈ പ്രതീകങ്ങൾ സാക്ഷ്യപലകകളും, മന്നയും, തളിർക്കുന്ന വടിയും ആയിരുന്നു. സീനായ് പർവതത്തിൽവച്ച് യിസ്രായേല്യർ ന്യായപ്രമാണം സ്വീകരിച്ചതിനു ശേഷം ന്യായപ്രമാണത്തിന്റെ രണ്ടു പലകകൾ പെട്ടകത്തിനുള്ളിൽ വയ്ക്കുവാൻ കർത്താവ് അവരോടു പറഞ്ഞു (പുറ. 34:1, 29; 25:21; 40:20). ഒരിടങ്ങഴി മന്ന ഒരു കുടത്തിലിടുകയും അത് സൂക്ഷിക്കേണ്ടതിന് കർത്താവിന്റെ മുമ്പാകെ വയ്ക്കുകയും ചെയ്തു (പുറ. 16:32-34). മരുഭൂമിയിൽ യിസ്രായേൽമക്കൾ മത്സരത്തിന്റെ ചില അനുഭവങ്ങളിലൂടെയും കടന്നുപോയി. സംഖ്യ. 16 ഏറ്റവും ഗുരുതരമായ മത്സരത്തിന്റെ വിവരണമാണ്. ആ മത്സരത്തിൽനിന്നും വന്ന തളിർക്കുന്ന വടി ഒരു അടയാളമായി പെട്ടകത്തിനുള്ളിലെ സാക്ഷ്യത്തിനുമുമ്പാകെ വച്ചു (സംഖ്യ. 17:10-11). ഈ ഓരോ വസ്തുവും യിസ്രായേല്യരുടെ അനുഭവങ്ങളിൽനിന്നും വന്നതാണെന്ന് ഇതിനാൽ നാം കാണുന്നു. അവ ഉപദേശങ്ങളല്ലായിരുന്നു, അവരുടെ അനുഭവങ്ങളുടെ ഫലം, പരിണതഫലം ആയിരുന്നു. അങ്ങനെ, നമ്മുടെ ചിന്താഗതിയാലും, അറിവു പ്രാപിക്കുന്ന ഉദ്ദേശ്യത്തിനും വേണ്ടി ഈ മൂന്നു കാര്യങ്ങളെ മനസ്സിലാക്കുവാൻ നാം ശ്രമിക്കുന്നുവെങ്കിൽ, നാം വിജയിക്കുകയില്ല. അവയെ നമ്മുടെ അനുഭവങ്ങളിലും, അനുഭവങ്ങളോടുകൂടെയും, അനുഭവങ്ങൾക്കുവേണ്ടിയും മാത്രമേ നമുക്കു മനസ്സിലാക്കുവാൻ കഴിയൂ.

## ദിവ്യവെളിപാടിന്റെ ദൃഷ്ടികേന്ദ്രം

തളിർക്കുന്ന വടിയെ നാം അറിയണമെങ്കിൽ, നമുക്ക് അല്പം പശ്ചാത്തലം ആവശ്യമാണ്. തന്റെ നിത്യവ്യവസ്ഥ നടപ്പാക്കുന്നതിന് ഒരു വാഴ്ച, ഒരു രാജ്യം ഉണ്ടായിരിക്കേണ്ടതിന് അവനെ ആവിഷ്കരിക്കുവാനും പ്രതിനിധീകരിക്കുവാനുമുള്ള ഒരു സംഘാത ആവിഷ്കാരമായിരിക്കുവാൻ ഒരു കൂട്ടായ ജനത്തെ നേടുക എന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യം. നിരവധിപേർ ചിന്തിക്കുന്നത് യെഹൂദന്മാർക്കുവേണ്ടി പ്രവർത്തിച്ചും, അവർക്കുവേണ്ടി കാര്യങ്ങൾ ചെയ്തുംകൊണ്ട് ദൈവത്തിന് യെഹൂദന്മാരോട് പക്ഷപാദപരമായ ഒരു സ്നേഹം ഉണ്ടായിരുന്നുവെന്നും, അവൻ ജാതികൾക്കുവേണ്ടി കരുതിയില്ലെന്നും ആകുന്നു. ഇത് മതപരമായ ഒരു ധാരണയാണ്; ഇത് ദിവ്യവെളിപാടിന്റെ ദൃഷ്ടികേന്ദ്രമല്ല. ദിവ്യവെളിപാടിന്റെ ദൃഷ്ടികേന്ദ്രം നിത്യദൈവത്തിന് ഒരു ഉദ്ദേശ്യം ഉണ്ടെന്നതാണ്. ഈ ഉദ്ദേശ്യം, അദൃശ്യനായ ദൈവത്തിന്റെ ജീവനുള്ള ആവിഷ്കാരമാകേണ്ടതിനും, ദൈവത്തിന് തന്റെ തേജസ്സിനും തന്റെ ശത്രുവിനോട് ഇടപെടുന്നതിനുംവേണ്ടി തന്റെ വ്യവസ്ഥ നടപ്പാക്കുവാൻ ഭൂമിയിൽ ഒരു രാജ്യം ഉണ്ടായിരിക്കുന്നതിനുമായി ഒരു സംഘാത ഏകകമായി അവനെ ഉൾക്കൊള്ളുവാനും, അവനോട് ഒന്നാകുവാനും,

അവരുമായി ഒന്നായിരിക്കുവാൻ അവനെ അനുവദിക്കുവാനും ഒരു ജനത്തെ നേടുക എന്നതാണ്. യിസ്രായേൽമക്കളെ തിരഞ്ഞെടുക്കപ്പെട്ടവരും വിളിക്കപ്പെട്ടവരുമായ ഒരു ജനമാക്കിക്കൊണ്ട് അവരെ മിസ്രയീമിൽനിന്ന് താൻ വിളിച്ചപ്പോഴുള്ള ദൈവത്തിന്റെ ഉദ്ദേശ്യം ഇതായിരുന്നു.

## ദൈവജനത്തിന്റെ കെട്ടുപണിക്കുവേണ്ടിയുള്ള നേതൃത്വത്തിന്റെ ആവശ്യം

മിസ്രയീമിനു വെളിയിലുള്ള ഇങ്ങനെയുള്ള ഒരു ജനമെന്ന നിലയിൽ യിസ്രായേല്യർ മരുഭൂമിയിൽ ദൈവത്തിന്റെ ലക്ഷ്യത്തിലേക്ക് നടക്കുകയായിരുന്നു. യിസ്രായേൽമക്കൾ എണ്ണത്തിൽ ഏതാനും ദശലക്ഷങ്ങൾ ഉണ്ടായിരുന്നു, കാരണം യുദ്ധപ്രാപ്തരായ പുരുഷന്മാർതന്നെ ആറു ലക്ഷത്തിലധികം ഉണ്ടായിരുന്നു (സംഖ്യ. 1:45-46). യിസ്രായേല്യരുടെ എണ്ണം വളരെയധികമായിരുന്നതിനാൽ ഇന്നത്തെപ്പോലെ ദൈവജനത്തിന്റെ കെട്ടുപണിയുടെ ആവശ്യം നിശ്ചയമായും ഉണ്ടായിരുന്നു. അതിനാൽ ദൈവജനത്തിന്റെ കെട്ടുപണിക്കുവേണ്ടി അല്പം അധികാരത്തിന്റെ ആവശ്യം ഉണ്ടായിരുന്നു. ഇന്നത്തെ പ്രയോഗം ഉപയോഗിച്ചാൽ നേതൃത്വത്തിന്റെ ആവശ്യം ഉണ്ടായിരുന്നു. നാം എല്ലാവരും കാണാൻ പോകുന്നതുപോലെ, ദൈവം ഈ നേതൃത്വത്തെ എഴുന്നേല്പിക്കുക മാത്രമല്ല ചെയ്തത്—അവൻ അതിനെ പണിയുകയും ചെയ്തു. യിസ്രായേൽമക്കളുടെ ഇടയിലെ നേതൃത്വം കുറഞ്ഞത് രണ്ടുപേർ ചേരുന്ന ഒരു സംഘാത നേതൃത്വമായിരുന്നു: വാഴ്ചയുടെയും രാജത്വത്തിന്റെയും വശത്തെ പ്രതിനിധീകരിക്കുന്ന മോശെയും, സ്വരൂപത്തിന്റെയും പൗരോഹിത്യത്തിന്റെയും വശത്തെ പ്രതിനിധീകരിക്കുന്ന അഹരോനും.

## പൗരോഹിത്യവും രാജത്വവും

ദൈവത്തിന്റെ ജനം ദൈവത്തെ ആവിഷ്കരിക്കുകയും പ്രതിനിധീകരിക്കുകയും ചെയ്യണമെങ്കിൽ, പൗരോഹിത്യവും രാജത്വവും ഉണ്ടായിരിക്കണം. ദൈവത്തിന്റെ വീണ്ടെടുപ്പിൽ അവൻ നമ്മെ പുരോഹിതന്മാരും രാജാക്കന്മാരുമാക്കിയെന്ന് പുതിയനിയമം നമ്മോടു വ്യക്തമായി പറയുന്നു (വെളി. 1:5-6; 5:9-10). അങ്ങനെ, നമുക്ക് പൗരോഹിത്യം ഉണ്ടായിരിക്കുകയും നാം രാജ്യത്തിലായിരിക്കുകയും ചെയ്യുന്നു. നാം ദൈവത്തെ ആവിഷ്കരിക്കത്തക്കവണ്ണം നമുക്ക് പൗരോഹിത്യമുണ്ട്. ഇത് ദൈവത്തിന്റെ സ്വരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു. രാജത്വം ദൈവത്തിന്റെ ആധിപത്യത്തിനുവേണ്ടിയാണ്. ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കുകയും സകല ജീവികളുടെയുംമേൽ അവന് ആധിപത്യം നല്കുകയും

ചെയ്യു (ഉല്പ. 1:26). ഇത് ദൈവത്തിന്റെ രാജ്യത്തിനു വേണ്ടിയുള്ള രാജത്വമാണ്. ഇന്ന് സഭയിൽ ദൈവത്തെ ആവിഷ്ക്കരിക്കുവാൻ പൗരോഹിത്യവും ദൈവത്തെ പ്രതിനിധീകരിക്കുവാൻ രാജത്വവും ആവശ്യമാണ്. വരാനിരിക്കുന്ന സഹസ്രാബ്ദ രാജ്യത്തിൽ നാം ദൈവത്തെ ആവിഷ്ക്കരിക്കുന്ന പുരോഹിതന്മാരും ദൈവത്തെ പ്രതിനിധീകരിക്കുന്ന രാജാക്കന്മാരും ആയിരിക്കും (വെളി. 20:6). കൂടാതെ, നിത്യതയിൽ പുതിയ യെരൂശലേമിൽ നമ്മുടെ പൗരോഹിത്യത്തിലൂടെ നാം ദൈവത്തെ ആവിഷ്ക്കരിക്കുകയും നമ്മുടെ രാജത്വത്തിൽ അവന്റെ ആധിപത്യത്തോടുകൂടെ അവനെ പ്രതിനിധീകരിക്കുകയും ചെയ്യുന്ന പുരോഹിതന്മാരും രാജാക്കന്മാരും ആയിരിക്കും. ഉല്പത്തിയിലെ ഒന്നാമത്തെ അധ്യായം മുതൽ വെളിപ്പാടിന്റെ അവസാനത്തെ അധ്യായം വരെ ദൈവത്തിന്റെ സംഘാതജനത്തിന്റെ ഈ രണ്ടു വശങ്ങളെക്കുറിച്ച് വേദപുസ്തകം വളരെ സ്ഥിരത പുലർത്തുന്നു.

## നേതൃത്വത്തിന്റെ കെട്ടുപണി

രാജത്വത്തെ പ്രതിനിധീകരിക്കുന്ന മോശെയും, പൗരോഹിത്യത്തെ പ്രതിനിധീകരിക്കുന്ന അഹരോനും ദൈവത്തിന്റെ നേതൃത്വത്തിനുവേണ്ടി ഒരുമിച്ചു വയ്ക്കപ്പെട്ടിരുന്നു. ഞങ്ങൾ നേരത്തെ പ്രസ്താവിച്ചിരുന്നതുപോലെ, അവർ രണ്ടുപേരും എഴുന്നേല്പിക്കപ്പെടുകയും പണിയപ്പെടുകയും ചെയ്തിരുന്നു. ഫറവോന്റെ കൊട്ടാരത്തിലുള്ള തന്റെ വിദ്യാഭ്യാസം പൂർത്തിയായ ഉടനെ ദൈവം മോശെയെ എടുത്ത് നേതൃത്വത്തിലേക്ക് വയ്ക്കുക യായിരുന്നില്ല. മോശെയുടെ വിദ്യാഭ്യാസം കഴിഞ്ഞശേഷം ദൈവം മോശെയുടെ നേതൃത്വം പണിത ഇടമായ മരുഭൂമിയിലേക്ക് അവനെ കൊണ്ടുവന്നു. മോശെ ഒരു യെഹൂദ കുടുംബത്തിൽ ജനിക്കുകയും അങ്ങനെ ദൈവത്തെ സംബന്ധിച്ച അറിവു പ്രാപിക്കുകയും ചെയ്തിരുന്നു. അവന് ലോകപരമായ ഒരു വിദ്യാഭ്യാസം ഇല്ലാതിരുന്നതിനാൽ, ഫറവോന്റെ കൊട്ടാരത്തിലെ ഉന്നതമായ വിദ്യാഭ്യാസം സ്വീകരിക്കാൻ അവനെ പ്രാപ്തനാക്കുന്ന സാഹചര്യങ്ങൾ ദൈവം എഴുന്നേല്പിച്ചു (പ്രവൃ. 7:22). അവന്റെ വിദ്യാഭ്യാസം Ph.D-യെക്കാൾ ഉയർന്നതായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അവൻ വളരെയധികം വിദ്യാഭ്യാസമുള്ള വനായിരുന്നെങ്കിലും നേതാവായിരിക്കുവാൻ അവൻ അപ്പോഴും യോഗ്യനായിരുന്നില്ല. അവന്റെ ആദ്യത്തെ നാല്പതു വർഷങ്ങൾ അവൻ ദൈവത്തെക്കുറിച്ചു പഠിക്കുകയും ലോകത്തിലെ ഏറ്റവും നല്ല വിദ്യാഭ്യാസം നേടുകയും ചെയ്തു. അതിനുശേഷം, ഒരു നേതാവായി പണിയപ്പെടേണ്ടതിന് അവൻ മരുഭൂമിയിൽ മറ്റൊരു നാല്പതു വർഷം ചിലവിടേണ്ടിവന്നു. അഹരോന്റെ നേതൃത്വത്തെ സംബന്ധിച്ച വ്യക്തമായ ഒരു വിവരണം വേദപുസ്തകം നമുക്കു

നല്കുന്നില്ലെങ്കിലും, തത്ത്വത്തിൽ അഹരോനും ദൈവത്തിന്റെ പണിയുന്ന കൈക്കീഴിൽ ഇരുന്നിരിക്കണം. താൻ "വാക്സാമർത്ഥ്യമില്ലാത്തവനും, വിക്കനും തടിച്ച നാവുള്ളവനും" ആണെന്ന് (പുറ. 4:10) മോശെ കർത്താവിനോടു പറഞ്ഞപ്പോൾ, അവന്റെ സഹോദരനായ അഹരോന് നല്ലവണ്ണം സംസാരിക്കാൻ കഴിയുമെന്നും, അവൻ മോശെയുടെ "വായായിരിക്കുമെന്നും," മോശെ "അവന് ദൈവമായിരിക്കും" എന്നും കർത്താവു പറഞ്ഞു (പുറ. 4:14, 16). മോശെയും അഹരോനും നേതാക്കന്മാരായി പണിയപ്പെട്ടതിനുശേഷം മാത്രമാണ് അവർക്ക് നേതൃത്വമെടുക്കുവാൻ കഴിഞ്ഞത്.

## മരുഭൂമിയിലെ മത്സരം

മരുഭൂമിയിലൂടെയുള്ള യാത്ര യിസ്രായേല്യർക്ക് ഒരു പരീക്ഷയായിരുന്നു. കർത്താവ് മോശെയെ യിസ്രായേൽമക്കളുടെ അടുത്തേക്ക് അയച്ചപ്പോൾ, "മിസ്രയീമിലെ കഷ്ടതയിൽനിന്നും പാലും തേനും ഒഴുകുന്ന ദേശത്തേക്ക് നിങ്ങളെ കൊണ്ടുപോകും" എന്ന് തനിക്കുവേണ്ടി ജനത്തോടു സംസാരിക്കുവാൻ കർത്താവു മോശെയോടു പറഞ്ഞു (പുറ. 3:17). ഇത് ഒരു നല്ല വാഗ്ദത്തമായിരുന്നു. യിസ്രായേൽമക്കൾ മിസ്രയീംദേശത്തു നിന്ന് വിടുവിക്കപ്പെടുകയും അവർ പാലും തേനും ഒഴുകുന്ന ദേശത്തിലേക്ക് പ്രവേശിക്കയും ചെയ്യണമായിരുന്നു. എന്നാൽ സംഖ്യ. 14-ൽ രേഖപ്പെടുത്തിയിരിക്കുന്ന അവരുടെ അവിശ്വാസം നിമിത്തം അവർക്ക് പ്രവേശിക്കുവാൻ കഴിഞ്ഞില്ല. ഒടുവിൽ, സംഖ്യ. 16-ൽ, നല്ലദേശത്തിലേക്ക് പ്രവേശിക്കുവാൻ അവർക്കു കഴിയാത്തതിന് മത്സരികൾ തങ്ങളുടെ അവിശ്വാസത്തെയല്ല, മോശെയെയും അഹരോനെയും പഴിചാരുകയായിരുന്നു. മത്സരികളായവർ പറഞ്ഞു, "മരുഭൂമിയിൽ ഞങ്ങളെ കൊല്ലുവാൻ നീ ഞങ്ങളെ പാലും തേനും ഒഴുകുന്ന ദേശത്തുനിന്നു കൊണ്ടു വന്നിരിക്കുന്നതു പോരാഞ്ഞിട്ട് നിന്നെത്തന്നെ ഞങ്ങൾക്ക് അധിപതിയും ആക്കുന്നുവോ? അത്രയുമല്ല, നീ ഞങ്ങളെ പാലും തേനും ഒഴുകുന്ന ദേശത്തേക്കു കൊണ്ടുവരികയോ നിലങ്ങളും മുന്തിരിത്തോട്ടങ്ങളും അവകാശമായി തരികയോ ചെയ്തിട്ടില്ല" (സംഖ്യ. 16:13-14). ഈ മത്സരികളായവരെ സംഖ്യ. 17:10 "മത്സരികൾ" എന്നു പരാമർശിക്കുന്നു. മത്സരികൾ എന്ന എബ്രായപദത്തിന്റെ അർത്ഥം "മത്സരപുത്രന്മാർ" എന്നാണ്. ഈ മത്സരപുത്രന്മാർ മോശെയോടും അഹരോനോടും ഇങ്ങനെ പറയുന്നതായി തോന്നുന്നു, "ഞങ്ങളെ പാലും തേനും ഒഴുകുന്ന ഒരു ദേശത്തേക്കു കൊണ്ടുപോകുമെന്ന് നിങ്ങൾ ഞങ്ങൾക്കു വാഗ്ദത്തം ചെയ്തു, എന്നാൽ നിങ്ങൾ അതു ചെയ്തില്ല. നീ ഞങ്ങളെ കൊണ്ടുവന്നത് പാലും തേനും ഒഴുകുന്ന ഒരു ദേശത്തുനിന്നാണെന്ന് നിങ്ങൾക്കറിയില്ലേ? നിങ്ങളുടെ

വാഗ്ദത്തം നിങ്ങൾ നിവർത്തിച്ചില്ല." മിസ്രയീം പാലും തേനും ഒഴുകുന്ന ദേശമാണെന്നുപോലും ഈ മത്സരപുത്രന്മാർ പറഞ്ഞു. എന്തൊരു മത്സരം!

ഈ മത്സരികൾ ആരായിരുന്നു? കോരഹായിരുന്നു ഒന്നാമൻ. ഒരു ലേവ്യനായ കോരഹ് (സംഖ്യ. 16:1) ലേവ്യരായ മോശെയോടും അഹരോനോടും സമനാണെന്ന് അവനെക്കുറിച്ച് കരുതി. "നിങ്ങൾ രണ്ടുപേരും ലേവ്യരാണ്. അപ്പോൾ ഞാനോ? ഞാനും ഒരു ലേവ്യനല്ലേ? എനിക്ക് നേതൃത്വത്തിൽ യാതൊരു പങ്കുമില്ലാതിരിക്കേ എന്തിന് നിങ്ങൾ നേതൃത്വമെടുക്കണം?" എന്ന് കോരഹ് ഉള്ളിൽ പറഞ്ഞിട്ടുണ്ടാകണം. മറ്റു രണ്ടു മത്സരികൾ യാക്കോബിന്റെ ഒന്നാമത്തെ മകനായ രൂബേന്റെ തലമുറക്കാരായ ദാഥാനും അബീരാമും ആയിരുന്നു. ജന്മാവകാശമുള്ള ഗോത്രമായി തങ്ങളെത്തന്നെ പരിഗണിച്ചിരുന്ന അവർ പറഞ്ഞുകാണും, "ലേവ്യരായ നിങ്ങൾക്ക് മൂന്നാം സ്ഥാനമേയുള്ളൂ. എന്നാൽ യാക്കോബിന്റെ ആദ്യജാതനായ രൂബേന്റെ മക്കളായ ഞങ്ങൾക്കാണ് ഒന്നാം സ്ഥാനം. നിങ്ങൾ ഞങ്ങൾക്കുശേഷം വന്നവരായതിനാൽ നിങ്ങൾ രണ്ടുപേർ മാത്രം എന്തിന് നേതൃത്വമെടുക്കണം?" അവസാനം അവർ മോശെയോടും അഹരോനോടും പറഞ്ഞു, "മതി, മതി. സഭ ഒട്ടൊഴിയാതെ എല്ലാവരും വിശുദ്ധന്മാരാകുന്നു. യഹോവ അവരുടെ മധ്യേ ഉണ്ട്. പിന്നെ നിങ്ങൾ യഹോവയുടെ സഭെക്കു മീതെ നിങ്ങളെത്തന്നെ ഉയർത്തുന്നതെന്ത്?" (സംഖ്യ. 16:3). ഇത് മത്സരികളുടെ ഉള്ളിലുള്ള കൗശലവും പൈശാചികവുമായ വാദഗതിയും കുറ്റാരോപണവുമായിരുന്നു. എന്തൊരു മത്സര വേരാണ് നാം ഇവിടെ കാണുന്നത്!

## സംയമനം നഷ്ടമാകാതെ

മോശെയും അഹരോനും ചെറുപ്പക്കാരായിരുന്നില്ല. രണ്ടുപേരും ഏകദേശം നൂറു വയസ്സു പ്രായമുള്ളവരായിരുന്നിരിക്കണം. മോശെ എഴുതിയ സങ്കീർത്തനം 90 അനുസരിച്ച്, മനുഷ്യായുസ്സ് എഴുപതു വർഷമാണ്. ഒരുവന്റെ ആരോഗ്യം നല്ലതാണെങ്കിൽ, അവൻ എൺപതു വയസ്സുവരെ ജീവിച്ചേക്കാം. ഇക്കാരണത്താൽ, മോശെതന്നെ എഴുതിയതനുസരിച്ച് അവൻ മരിച്ചിരിക്കണം. എന്നാൽ മരണപ്രായത്തിനുശേഷവും അവൻ ദൈവത്തെ സേവിക്കുകയായിരുന്നു; അഹരോൻ മോശെയെക്കാൾ പ്രായമുള്ളവനായിരുന്നു. അവർ ഇത്രയധികം പ്രായമുള്ളവരായിരുന്നതിന്റെ ഗുണം എന്തായിരുന്നു? അവരുടെ സംയമനം നഷ്ടപ്പെടുത്തുന്നത് അവർക്ക് എളുപ്പമായിരുന്നില്ല എന്നതാണ് വസ്തുത. സംഖ്യ. 1-ലെ മത്സരം ഗൗരവമുള്ളതും ഭയങ്കരവുമായിരുന്നു, എന്നാൽ അത് മോശെയുടെ സംയമനം നഷ്ടപ്പെടുത്തുവാൻ ഇടയാക്കിയില്ല. മോശെക്കും അഹരോനുമെതിരായി മത്സരികൾ

ഒരുമിച്ചപ്പോൾ, മോശെ "കവിണ്ണുവീണു" (സംഖ്യ. 16:4). അടുത്ത ദൂതിൽ നാം കാണാൻ പോകുന്നതുപോലെ ഈ മത്സരത്തെ ന്യായംവിധിക്കുവാൻ ദൈവം കടന്നുവന്നു.

## ശരിയായ നേതൃത്വത്തിന്റെ സമർത്ഥനം

സംഖ്യ. 17-ൽ ദൈവം മോശെയോടു പറയുന്നതായി തോന്നുന്നത്, "ആ മത്സരപുത്രന്മാർ നേതൃത്വത്തിന്റെ കാര്യത്തെച്ചൊല്ലി നിന്നോട് പോരാടുകയാണ്. നേതൃത്വത്തെ സമർത്ഥിക്കുന്നതിന് ഞാൻ ചിലത് ചെയ്യുമെന്ന് അവരോടു പറയുക. ആരാണ് യഥാർഥ നേതാവെന്ന് ഞാൻ അവർക്കു കാണിച്ചുകൊടുക്കുകയും അവരുടെ വായ്ടപ്പിക്കുകയും ചെയ്യും." സംഖ്യ. 17:2-ൽ കർത്താവു മോശെയോടു പറഞ്ഞു, "യിസ്രായേൽമക്കളോടു സംസാരിച്ച് അവരുടെ പക്കൽനിന്ന് ഗോത്രം ഗോത്രമായി സകല ഗോത്രപ്രഭുക്കന്മാരോടും ഓരോ വടി വീതം പന്ത്രണ്ടു വടി വാങ്ങി ഓരോരുത്തന്റെ വടിമേൽ അവന്റെ പേർ എഴുതുക." ഒരു വടി ചത്തതും ഉണങ്ങിയതുമായ ഒരു മരക്കഷ്ണമാണ്. അതിന്റെ പ്രകൃതം ചത്ത തടിയുടേതാണ്. എന്താണ് ഒരു വടിയുടെ പ്രവർത്തനം? അത് മറ്റുള്ളവരുടെമേൽ ഭരണം നടത്തുന്നതിനാണ്. ഒരു വടി ഒരു കോലിൽനിന്നും വ്യത്യസ്തമാണ്. ഒരു കോൽ ബലഹീനരും മുടന്തരുമായവരെയും നിൽക്കാനോ നടക്കാനോ പ്രയാസമുള്ളവരെയും സഹായിക്കുന്നതിനും താങ്ങുന്നതിനും വേണ്ടിയുള്ളതാണ്. എന്നാൽ ഒരു വടി താങ്ങുന്നതിനുവേണ്ടിയുള്ളതല്ല; അത് ഭരിക്കുന്നതിനും അടിക്കുന്നതിനും വേണ്ടിയുള്ളതാണ്. സദൃശവാക്യമനുസരിച്ച് തന്റെ മക്കളെ ശിക്ഷിച്ചു വളർത്തുവാൻ ഒരു അപ്പൻ വടി ഉപയോഗിക്കണം (സദൃ. 23:13-14).

നമ്മുടെ ദൈവം വളരെ ജ്ഞാനിയാണ്, നേതൃത്വത്തെ സമർഥിക്കുവാൻ ദൈവത്തിന് ഏറ്റവും നല്ല മാർഗമുണ്ടായിരുന്നു. ദൈവം വാദിച്ചില്ല. പകരം, അവൻ ഇങ്ങനെ പറഞ്ഞുകാണും, "നേതൃത്വത്തെക്കുറിച്ച് നിങ്ങൾ തർക്കിച്ചുകൊണ്ടിരുന്നതിനാൽ സാക്ഷ്യത്തിനു മുമ്പാകെ നിങ്ങളുടെ വടികൾ കൊണ്ടുവരാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. നിങ്ങളുടെ കയ്യിൽ വടിയുണ്ടെന്നും അതുകൊണ്ട് നിങ്ങൾക്കു മറ്റുള്ളവരെ ഭരിക്കാൻ കഴിയുമെന്നും, മോശെയും അഹരോനും വളരെക്കൂടുതൽ നിരൂപിച്ചുവെന്നും നിങ്ങൾ ചിന്തിച്ചു. നിങ്ങളെല്ലാവരും ദൈവജനമായതിനാൽ നിങ്ങൾക്കെല്ലാവർക്കും ഒരേ അധികാരമുണ്ടെന്ന് നിങ്ങൾ പറഞ്ഞു. നിങ്ങൾക്ക് അധികാരമുണ്ടോ? ഓരോ ഗോത്രത്തിനും ഒരു വടിയുണ്ട്. നിങ്ങളുടെ വടികൾ എന്റെ അടുക്കൽ കൊണ്ടുവന്ന് ഒരു രാത്രി എന്റെ സാക്ഷ്യത്തിനുമുമ്പാകെ വയ്ക്കുവിൻ. എന്തായിരിക്കും പുറത്തുവരുന്നതെന്നു നമുക്കു നോക്കാം."

സംഖ്യ. 17:5-ൽ കർത്താവു പറഞ്ഞു, "ഞാൻ തിരഞ്ഞെടുക്കുന്നവന്റെ വടി തളിർക്കും; ഇങ്ങനെ യിസ്രായേൽമക്കൾ നിങ്ങൾക്ക് വിരോധമായി പിറുപിറുക്കുന്നത് ഞാൻ നിർത്തലാക്കും."

സാക്ഷ്യകൂടാരത്തിൽ കർത്താവിന്റെ മുമ്പാകെ പന്ത്രണ്ടു വടികൾ വച്ചു (സംഖ്യ. 17:7). സംഖ്യ. 17:8 പറയുന്നു, "പിറ്റെന്നാൾ മോശെ സാക്ഷ്യകൂടാരത്തിൽ കടന്നപ്പോൾ ലേവിഗൃഹത്തിനുള്ള അഹരോന്റെ വടി തളിർത്തിരിക്കുന്നതു കണ്ടു; അതു തളർക്കുകയും പൂക്കുകയും ബദാംഫലം കായ്ക്കുകയും ചെയ്തിരുന്നു." യഥാർഥ നേതൃത്വം, യഥാർഥ അധികാരം, തളിർക്കുന്ന ജീവനിലാണെന്ന് ഇത് സൂചിപ്പിക്കുന്നു. ഈ ജീവൻ തളിർക്കുകയും പൂക്കുകയും മാത്രമല്ല, നാം മറ്റുള്ളവരെ അടിക്കുന്നതിനല്ല, അവരെ പോറ്റേണ്ടതിന് അത് ഫലം കായ്ക്കുകയും ചെയ്യുന്നു. വടി ഭരിക്കുന്നതിനുവേണ്ടിയാണെങ്കിലും, ഈ ഭരണം പോറ്റുന്നതിനാണ്, അടിക്കുന്നതിനല്ല.

ദൈവജനത്തിനിടയിലുള്ള നേതൃത്വം ജാതികളുടെ ഇടയിൽ കാണുന്നതിൽനിന്നും വ്യത്യസ്തമാണ്. എല്ലാ ജാതീയ രാജാക്കന്മാരും ഭരിക്കുന്നതിനായി അവരുടെ വടികൾ ഉപയോഗിക്കുന്നു. ജാതീയ നേതാക്കന്മാരുടെ ഇടയിലുള്ള ഒരു വടിയും പോറ്റുന്നതിന് പ്രയോജനമുള്ളതല്ല, കാരണം അവരുടെ വടികളൊന്നും ജീവനുള്ളതല്ല. ഏതു വടിയും ചത്ത മരത്തിന്റെ ഒരു കഷ്ണം മാത്രമാണ്. ദൈവജനത്തിനിടയിലുള്ള ശരിയായ നേതൃത്വത്തോടുകൂടെ മാത്രമേ പുനരുത്ഥാന ജീവനോടുകൂടെ തളിർക്കുകയും മറ്റുള്ളവരെ പോഷിപ്പിക്കുവാൻ ഫലം കായ്ക്കുകയും ചെയ്യുന്ന വടിയുള്ളൂ.

ബദാം വൃക്ഷമാണ് വർഷത്തിൽ ആദ്യം പൂക്കുന്ന വൃക്ഷം, ജനുവരിയിലോ ഫെബ്രുവരിയിലോ അതു പൂക്കുന്നു. ഒരു വൃക്ഷത്തിൽനിന്നു വരുന്ന ആദ്യത്തെ ഫലം ബദാം ആണ്. ഇതു പുനരുത്ഥാനത്തെ സൂചിപ്പിക്കുന്നു. തന്മൂലം, തളിർക്കുകയും, പൂക്കുകയും, ഫലംകായ്ക്കുകയും ചെയ്യുന്ന വടി ക്രിസ്തുവിന്റെ പുനരുത്ഥാനജീവനെ സൂചിപ്പിക്കുന്നു. ദൈവത്തിന്റെ മക്കളുടെ ഇടയിലുള്ള നേതൃത്വം എന്നത് ദൈവജനത്തെ പോറ്റുവാൻ തളിർക്കുകയും, പൂക്കുകയും, ഫലംകായ്ക്കുകയും ചെയ്യുന്ന ബദാമായ ക്രിസ്തു തന്നെയായിരിക്കണം.

## നേതൃത്വത്തിനുവേണ്ടിയുള്ള അതിമോഹം

**"ഞാനൊരു മൂപ്പനല്ല, എനിക്ക് കർത്താവിന്റെ മക്കളുടെ ഇടയിൽ ഒരു നേതാവായിരിക്കാൻ ആഗ്രഹമില്ല. സ്വതന്ത്രനായിരിക്കാനും, ഉത്തരവാദിത്തം ഇല്ലാതെയും, ഇത്തരം കാര്യത്താൽ അസ്വസ്ഥനാകാതിരിക്കാനും ഞാൻ ആഗ്രഹിക്കുന്നു" എന്നു ചിലർ**

പറഞ്ഞേക്കാം. നിങ്ങൾ ഇങ്ങനെ പറഞ്ഞേക്കാമെങ്കിലും, ഞാൻ ഇതു വിശ്വസിക്കുന്നില്ല, കാരണം ഒരു നേതാവായിരിക്കുവാൻ എല്ലാവരും ആഗ്രഹിക്കുന്നു. ഒരു നേതാവായിരിക്കുവാൻ ഇഷ്ടപ്പെടുന്നില്ലെന്ന് നിങ്ങൾ പറയുന്നുവെങ്കിൽ, നിങ്ങൾ കള്ളം പറയുകയാണ്. ഉള്ളിൽ ആഴത്തിൽ ഒരു നേതാവായിരിക്കുന്നത് നിങ്ങൾ ആസ്വദിക്കുന്നു. സേവനകൂട്ടങ്ങൾ ക്രമീകരിക്കുമ്പോൾ, ഒന്നാമനായിരിക്കുവാൻ നിങ്ങൾ ഇഷ്ടപ്പെടുന്നു. അവസാനമാകുവാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ല. "സ്ത്രീകളെന്ന നിലയിൽ ഞങ്ങൾ നേതൃത്വത്തിനുവേണ്ടി കരുതുന്നില്ല" എന്ന് സഹോദരിമാർ പറഞ്ഞേക്കാം. സഹോദരിമാരേ, ഇങ്ങനെ പറയരുത്. അഞ്ചു സഹോദരിമാരടങ്ങുന്ന ഒരു പിയാനോ സേവനകൂട്ടം രൂപീകരിക്കുന്നുവെന്നു സങ്കല്പിക്കുക. കൂട്ടത്തിലുള്ള ഓരോ സഹോദരിയും പേരുകൾ പരാമർശിക്കുന്ന ക്രമത്തെ സംബന്ധിച്ച് ഉൽകണ്ഠയുള്ളവരാണ്. തന്റെ പേര് അവസാനമാണു പറഞ്ഞതെന്ന് അഞ്ചാമത്തെ സഹോദരി കേൾക്കുമ്പോൾ, ഒരാഴ്ച പ്രാർഥിക്കാൻ കഴിയാതവണ്ണം അവൾ അസ്വസ്ഥയായിരിക്കാം. "ഒന്നാമത്തവളായിരിക്കുവാൻ എനിക്കു കഴിഞ്ഞില്ലെങ്കിൽ, കുറഞ്ഞപക്ഷം മൂന്നാമതെങ്കിലും ആയിരിക്കണം. എന്നാൽ ഞാൻ നാലാമതു പോലുമല്ല. പതിനഞ്ചു വർഷമായി ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു. എന്തിന് ഞാൻ അഞ്ചാമതായിരിക്കണം? മൂപ്പന്മാർ എന്താണു ചെയ്തിരിക്കുന്നത്? അവർക്ക് വിവേചനമില്ലേ?" എന്ന് അവൾ പറഞ്ഞേക്കാം. ഇത് നേതൃത്വത്തിനുവേണ്ടിയുള്ള അതിമോഹമാണ്.

ഈ അതിമോഹത്തിനായി ഞാൻ കർത്താവിനു സ്തോത്രം ചെയ്യുന്നു. ഇതൊരു നല്ല അതിമോഹമാണ്, അമേരിക്കൻ പ്രസിഡന്റായിരിക്കാനുള്ള അതിമോഹത്തെക്കാൾ നല്ലതാണ്. ക്രിസ്ത്യാനികൾക്ക് ഇങ്ങനെയുള്ള അതിമോഹം ഉണ്ടായിരിക്കുന്നത് നല്ലതാണ്. നമുക്ക് ഒരു അതിമോഹം ഇല്ലായിരുന്നുവെങ്കിൽ, നാം കസേരകളെയോ മേശകളെയോ പോലെയാകുകയും ദൈവത്തിന് നമ്മിൽ ഒന്നും ചെയ്യാൻ കഴിയാതെയും വരുമായിരുന്നു. എന്നാൽ നാം അത്രത്തോളം അതിമോഹികളായതുകൊണ്ട് നമ്മിൽ ദൈവത്തിനു ചിലതു ചെയ്യുവാൻ കഴിയും. പ്രായംചെന്നവർക്കു മാത്രമാണ് ഒരുപക്ഷേ അതിമോഹമില്ലാത്തത്. ഏകദേശം എൺപതു വയസ്സായ ഒരു സഹോദരന് അതിമോഹമില്ലായിരിക്കാം, എന്നാൽ ഒരു യുവാവിന് അപ്പൊസ്തലനായ പൗലൊസായിരിക്കാനുള്ള ആഗ്രഹമുണ്ടായിരിക്കാം. ഇങ്ങനെയാകുവാൻ ഞാൻ എല്ലാ യുവാക്കളെയും പ്രോത്സാഹിപ്പിക്കുന്നു. ഇന്നത്തെ പത്രൊസോ പൗലൊസോ ആയിരിക്കുവാൻ എല്ലാ യുവാക്കളും ആഗ്രഹിക്കുന്നുവെങ്കിൽ ഞാൻ സന്തോഷവാനായിരിക്കും.

Mon അബ്രാഹാമും, യിസ്ഹാക്കും, യോസേഫിനോടുകൂടെ യാക്കോബും ജീവന്റെ അനുഭവത്തിൽ ഒരു സമ്പൂർണ്ണ വ്യക്തിയുടെ വശങ്ങളാണെന്ന് നമ്മുടെ ഉല്പത്തി ജീവപഠനത്തിൽ നാം കണ്ടു. ഇതേ രീതിയിൽ കോരഹിനെ മോശെയിൽനിന്നും വേർപെട്ടവനായി നാം കാണരുത്. നമ്മുടെ പ്രകൃതത്തിൽ, മോശെക്കുണ്ടായിരുന്ന അതേ അതിമോഹം നമുക്കുമുണ്ട്. മോശെക്ക് നാല്പതു വയസ്സായപ്പോൾ മിസ്രയീം രാജാവിന്റെ നിഷ്ഠൂരതയിൽനിന്നും ദൈവത്തിന്റെ ജനത്തെ രക്ഷിക്കുന്നതിന് നേതൃത്വമെടുക്കുവാൻ അതിമോഹമുള്ളവനായിരുന്നു (പ്രവൃ. 7:23-27). എന്നാൽ മോശെയിൽ കോരഹിന്റെയും, ദാഥാന്റെയും, അബീരാമിന്റെയും മത്സര മൂലകവും ഉണ്ടായിരുന്നു. യുവസഹോദരന്മാരേ, നിങ്ങളുടെ ഉള്ളിൽ മോശെയുടെ അനുലോമ സ്വഭാവവും കോരഹിന്റെ മത്സര സ്വഭാവവും ഉണ്ടെന്ന് ഞാൻ അറിയുന്നു. അതിലും മോശമായി ദാഥാന്റെയും അബീരാമിന്റെയും പ്രതിലോമ മൂലകങ്ങളും ഉണ്ട്. വരുന്ന ദൂതിൽ, ദൈവം മത്സര സ്വഭാവത്തെ ന്യായംവിധിച്ചുവെന്നും, അനുലോമ മൂലകത്തെ, പുനരുത്ഥാന ജീവന്റെ മൂലകത്തെ ഉയിർപ്പിച്ചുവെന്നും നാം കാണും.

നിങ്ങൾ ഒരിക്കലും രക്ഷിക്കപ്പെട്ടിട്ടില്ലെങ്കിൽ, ദൈവജനത്തിന്റെ ഇടയിലെ അതിമോഹം നിങ്ങൾക്കുണ്ടാകുകയില്ല. എന്തുകൊണ്ടാണ് സഭാജീവിതത്തിൽ നിങ്ങൾക്ക് ഇത്രമാത്രം അതിമോഹമുള്ളത്? അതു നിങ്ങൾ കർത്താവിനെ സ്നേഹിക്കുന്നതുകൊണ്ടാണ്. നിങ്ങൾ കർത്താവിനെ സ്നേഹിക്കാതെയും നിങ്ങൾക്ക് അതിമോഹമില്ലാതെയും ഇരുന്നുവെങ്കിൽ, ദൈവത്തിനുവേണ്ടി എന്തെങ്കിലുമായിരിക്കാനുള്ള യാതൊരു അതിമോഹവുമില്ലാതെ, ലക്ഷ്യമില്ലാതെ അലഞ്ഞുതിരിയുന്ന വീഥിയിലെ ജനത്തെപോലെയാകുമായിരുന്നു നിങ്ങൾ. എന്നാൽ ഇന്ന് സഭയിൽ കർത്താവിനെ സ്നേഹിക്കുന്നവരെന്ന നിലയിൽ നിങ്ങൾ അതിമോഹമുള്ളവനും ഒരു ദിവസം നേതൃത്വത്തിനായി യോഗ്യതയുള്ളവനാകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഇത് ഒരു നല്ല അതിമോഹമാണ്, എങ്കിലും അത് പുനരുത്ഥാനം ചെയ്യപ്പെട്ടതായിരിക്കണം. എന്നാൽ നമ്മുടെ ഉള്ളിൽ കോരഹും, ദാഥാനും, അബീരാമും, എല്ലാ മത്സര മൂലകങ്ങളും ഉണ്ടെന്ന് നാം തിരിച്ചറിയുകയും വേണം. നാം ദൈവത്തിന്റെ ലക്ഷ്യത്തിനുവേണ്ടി അതിമോഹമുള്ളവരായിരിക്കുന്ന അതേ സമയം നാം മത്സരികളും ആണ്. ഞാനും ഈ രോഗത്താൽ ബാധിതനായിരുന്നതുകൊണ്ട് വളരെ നല്ലവണ്ണം ഇത് മനസ്സിലാക്കുന്നു.

## ആത്മാവിനെതിരെയുള്ള ദേഹിയുടെ മത്സരം

മറ്റു നേതാക്കന്മാർക്കെതിരായി നമ്മുടെ ഉള്ളിൽ മത്സരം ഉണ്ടെന്നു മാത്രമല്ല, നിരവധി തവണ നമ്മുടെ ദേഹി നമ്മുടെ

ആത്മാവിനെതിരെയും മത്സരിക്കുന്നു. പലപ്പോഴും നമ്മുടെ മനസ്സു പറയുന്നു, "ആത്മാവേ, എന്തുകൊണ്ട് എനിക്ക് ദൈവത്തെ സേവിക്കുവാൻ കഴിയുകയില്ല? എന്തുകൊണ്ട് ഞാൻ എന്ന മനസ്സിന് ദൈവത്തിനുവേണ്ടി ചിലതു ചെയ്യുവാൻ കഴിയുകയില്ല?" നിങ്ങളുടെ ഉള്ളിൽ ഇത്തരത്തിലുള്ള മത്സരം ഉണ്ടായിട്ടില്ലേ? "ആത്മാവേ, ഞാൻ ഇതുമായി യോജിക്കുന്നില്ല. ഞാൻ നിന്നെക്കാൾ സമർത്ഥനാണ്, എനിക്ക് വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയും. നീ വിറ്റനസ് ലീയുടെ ഒരു ഭാഗമാണ്. ദേഹിയെന്ന ഞാനും വിറ്റ്നസ് ലീയുടെ ഒരു ഭാഗമല്ലേ? നമ്മളെല്ലാം ദൈവത്തിന്റെ മക്കളല്ലേ? ആത്മാവേ, നീ എന്തുകൊണ്ടാണ് ഇത്രയധികം നിന്റേമേൽ എടുക്കുന്നത്?" എന്നു പറഞ്ഞുകൊണ്ട് നിരവധി തവണ എന്റെ ദേഹി എന്റെ ആത്മാവിനെതിരായി മത്സരിച്ചിട്ടുണ്ട്. നമ്മുടെ ദേഹിക്ക് ദൈവത്തിനുവേണ്ടി ചിലതു ചെയ്യുവാൻ കഴിയുമെന്നും, സ്വാഭാവിക മനുഷ്യനായ നമുക്ക് നമ്മുടെ ആത്മാവിനെ പ്രയോഗിക്കാതെ ദൈവത്തിനുവേണ്ടി കുറെ സേവനം ചെയ്യാൻ കഴിയുമെന്നും കാണിക്കേണ്ടതിന് മത്സരപരമായ ഒരു രീതിയിൽ പ്രവർത്തിക്കുന്നതിൽ നിരവധി തവണ നമ്മുടെ ദേഹിയെ നാം ഉപയോഗിച്ചിട്ടുണ്ട്. ഇത് ഒരുതരം മത്സരമാണ്.

## നമ്മുടെ ഉള്ളിലുള്ള അതിമോഹവും മത്സരവും

സംഖ്യ. 16-ൽ യിസ്രായേൽമക്കൾ അന്യോന്യം വേർപെട്ടിരിക്കുന്നു എന്നു ചിന്തിക്കരുത്. മോശെയും, അഹരോനും, കോരഹും, ദാഥാനും, അബീരാമും ഉൾപ്പെടുന്ന ഒരു കൂട്ടായ വ്യക്തിയായി, ഒരു സംഘാത വ്യക്തിയായി നാം അവരെ കാണണം. നമുക്കുള്ളിൽ മോശെയും അഹരോനും, കോരഹും ദാഥാനും അബീരാമും ഉണ്ട്. അതിമോഹവും മത്സരവും നമ്മുടെ ആളത്തത്തിലുണ്ട്. ചിലപ്പോൾ നമ്മെ നോക്കി ചിരിക്കാനല്ലാതെ നമുക്കു കഴിയുകയില്ല, കാരണം നാം ദൈവത്തിനുവേണ്ടി അത്രമാത്രം അതിമോഹമുള്ളവരാണ്, അപ്പോഴും നാം വളരെ മത്സരികളാണ്. ഒരേ സമയം നാം അതിമോഹികളും മത്സരികളുമായിരുന്നു എന്ന അനുഭവം നമുക്കെല്ലാവർക്കും ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവത്തിനായി നിങ്ങൾക്ക് ഒരു ഹൃദയമുണ്ടെങ്കിൽ, നിങ്ങൾ ഇത് അനുഭവിച്ചിട്ടുണ്ട്. ദൈവത്തിനുവേണ്ടി ഒരു ഹൃദയം ഉണ്ടായിരിക്കുവാൻ ആരംഭിച്ചപ്പോൾത്തന്നെ നിങ്ങളുടെ ഉള്ളിൽ അതിമോഹവും മത്സരവും ഉണ്ടായിരുന്നുവെന്ന് നിങ്ങൾ കണ്ടെത്തുന്നു. ഒന്നാമത്തെ മത്സരം നിങ്ങളുടെ സ്വന്തം ആത്മാവിനെതിരായ ദേഹിയുടെ, മനസ്സിന്റെ മത്സരമാണ്. രണ്ടാമത്തെ മത്സരം നിങ്ങൾക്കു മുകളിലോ നിങ്ങൾക്കു മുമ്പിലോ ഉള്ളവർക്കെതിരെയുള്ള നിങ്ങളുടെ മത്സരമാണ്.

നിങ്ങൾ ഇതു സമ്മതിച്ചില്ലെങ്കിലും, ഈ മത്സരം നിങ്ങളിലുണ്ട്. "സഹോദരാ, ഞാൻ നിന്നെ സ്നേഹിക്കുകയും ഞാൻ എന്നെത്തന്നെ നിനക്ക് സമർപ്പിക്കുകയും ചെയ്യുന്നു" എന്നു നിങ്ങൾ പറഞ്ഞേക്കാം. നിങ്ങളുടെ ചുണ്ടുകൾകൊണ്ട് ഒരു സഹോദരനോട് നിങ്ങളെ സമർപ്പിക്കുന്നു എന്നു നിങ്ങൾ പറയുമ്പോഴും "സഹോദരാ, നീ നിന്റെമേൽ വളരെയധികം എടുത്തിരിക്കുന്നു. നീ മൊത്തത്തിൽ വളരെയധികമാണ്! ചില വശങ്ങളിൽ നീ എന്നെപ്പോലെ യോഗ്യതയുള്ളവനല്ല. ഒരു ദിവസം എന്റെ യോഗ്യതകൾ ദൈവത്താൽ സമർത്ഥിക്കപ്പെടും" എന്ന് നിങ്ങളോടുതന്നെ പറഞ്ഞുകൊണ്ട്, ഉള്ളിൽ ആഴത്തിൽ നിങ്ങൾ മത്സരികളാണ്. ഇതാണ് നിങ്ങളുടെ ഉള്ളിലുള്ള മത്സരം.

## ന്യായവിധിയും സമർത്ഥനവും

അതിമോഹത്തിനായി ദൈവത്തിന് സ്തോത്രം ചെയ്യുകയും, പ്രതിലോമാർഥത്തിൽ മത്സരത്തിനായി ദൈവത്തിനു സ്തോത്രം ചെയ്യുകയും ചെയ്യുന്നു. സംഖ്യ. 16-ലെ മത്സരം ദൈവത്തിന്റെ ന്യായവിധിയെയും സമർത്ഥനത്തെയും കൊണ്ടുവന്നു. ഒന്നാമത് ദൈവം മത്സരികളെ ന്യായംവിധിച്ചു. മത്സരമൂലകത്തെ ന്യായംവിധിച്ചതിനുശേഷം, യിസ്രായേൽമക്കൾക്കുള്ള ഒരു അടയാളമായി മത്സരികളുടെ താമ്രകലശങ്ങളെ യാഗപീഠത്തെ മൂടുന്നതിനുള്ള തകിടുകളാക്കുവാൻ കർത്താവ് കല്പിച്ചു (സംഖ്യ. 16:36-40). ഇതിനുശേഷം, തന്റെ സാക്ഷ്യത്തിനു മുമ്പിൽ പന്ത്രണ്ടു വടികൾ വയ്ക്കുവാൻ ദൈവം മോശെയോടു പറഞ്ഞു. ഇത് ന്യായവിധിക്കു വേണ്ടിയായിരുന്നില്ല; ഇത് സമർത്ഥനത്തിനു വേണ്ടിയായിരുന്നു. ഈ സമർത്ഥനത്തിൽനിന്ന് തളിർക്കുന്ന വടി പുറപ്പെട്ടുവന്നു. പിന്നീട് "മത്സരികൾക്കെതിരായ ഒരു അടയാളമായി സൂക്ഷിക്കുന്നതിന്" അഹരോന്റെ വടി സാക്ഷ്യത്തിനുമുമ്പാകെ കൊണ്ടുവരാൻ ദൈവം മോശെയോടു പറഞ്ഞു (സംഖ്യ. 17:10). ഇക്കാരണത്താൽ, അവിടെ രണ്ട് അടയാളങ്ങൾ ഉണ്ടായിരുന്നു—ദൈവത്തിന്റെ ന്യായവിധിയുടെ ഫലമായി വന്ന യാഗപീഠത്തെ മൂടുന്ന തകിടും, ദൈവത്തിന്റെ സമർത്ഥനത്തിലൂടെ വന്ന സാക്ഷ്യത്തിനു മുമ്പാകെയുള്ള തളിർക്കുന്ന വടിയും.

അതിമോഹവും മത്സരവും, രണ്ടും നമ്മുടെ ഉള്ളിലുണ്ട്. നമുക്കെല്ലാവർക്കും അതുണ്ട്, കാരണം നാം യഥാർഥ യിസ്രായേലാണ്. യിസ്രായേല്യരുടെ ഇടയിലും ഉള്ളിലും അതിമോഹവും മത്സരവും ഉണ്ടായിരുന്നു. ഒന്നാമത്, ദൈവം ന്യായംവിധിക്കുകയും മത്സര മൂലകത്തെ കത്തിച്ചുകളയുകയും ചെയ്തു. ഈ ന്യായവിധിക്കു പിന്നാലെ ദൈവത്തിന്റെ സമർത്ഥനം വന്നു. ഈ ന്യായവിധിയുടെയും സമർത്ഥനത്തിന്റെയും ഫലമായി രണ്ട് അടയാളങ്ങൾ വന്നു—ഒന്ന് പ്രാകാരത്തിലെ യാഗപീഠത്തിലും

മറ്റൊന്ന് അതിവിശുദ്ധസ്ഥലത്തിലെ പെട്ടകത്തിലും. നമ്മുടെ സ്വാഭാവികമായ മത്സര സ്വഭാവം ന്യായംവിധിക്കപ്പെടുകയും ദഹിപ്പിക്കപ്പെടുകയും വേണമെന്നും, പുനരുത്ഥാനം ചെയ്യപ്പെട്ട അതിമോഹം സമർത്ഥിക്കപ്പെട്ട്, തളിർക്കുവാനും പൂക്കുവാനും ഫലം പുറപ്പെടുവിക്കുവാനും ഇടയാക്കണമെന്നും ഈ അടയാളങ്ങൾ സൂചിപ്പിക്കുന്നു. ഈ രീതിയിൽ നമുക്ക് ശരിയായ നേതൃത്വം ഉണ്ട്.

അതിവിശുദ്ധസ്ഥലത്തിലെ പെട്ടകത്തിൽ യഥാർഥ നേതൃത്വമായി നാം ക്രിസ്തുവിനെ അനുഭവമാക്കുന്നു. നേതൃത്വത്തെ സംബന്ധിച്ച് രണ്ടു വശങ്ങളുണ്ട്. സ്വാഭാവികമായ മത്സര മൂലകം യാഗപീഠത്തിന്മേൽ ദഹിപ്പിക്കേണ്ടതാകുന്നു എന്നതാണ് ഒന്നാമത്തേത്. രണ്ടാമത്തേത് അതിവിശുദ്ധസ്ഥലത്തിൽ നമ്മിലേക്കു വീണ്ടുംജനിപ്പിക്കപ്പെട്ടവയും പുനരുത്ഥാന ജീവന്റേതായവയും സമ്പന്നമാക്കപ്പെടുകയും, ബലപ്പെടുത്തപ്പെടുകയും, തളിർക്കുവാനും, പൂക്കുവാനും, ബദാം കായ്ക്കുവാനും ഇടയാക്കപ്പെടുകയും വേണം എന്നതാണ്. ഇവിടെയാണ് യഥാർഥ നേതൃത്വമുള്ളത്.

## നേതാവിനെപ്പോലെ ഓരോ അവയവവും സേവിക്കുന്ന ഒരുവനാകുന്നു

കർത്താവിന്റെ ജനത്തിനിടയിലെ ഒരു നേതാവ് സേവിക്കുന്ന ഒരുവനാണ്. നിങ്ങൾ സേവനകൂട്ടത്തിലെ ഒരു മൂപ്പനോ നേതാവോ അല്ലായിരിക്കാമെങ്കിലും, നിങ്ങൾ അപ്പോഴും സേവിക്കുന്ന ഒരുവനാണ്. തത്ത്വത്തിൽ, കർത്താവിന്റെ സേവനത്തിൽ നിങ്ങളും ഒരു നേതാവിനെപ്പോലെ തന്നെയാണ്. സഭയിലെ ഓരോ അംഗവും സേവിക്കുന്ന ഒരുവനാണ്. ദൈവത്തിന്റെ കെട്ടുപണി സേവിക്കുന്നവരെ ആശ്രയിച്ചിരിക്കുന്നു. സേവിക്കുന്ന ഒരുവനെന്ന നിലയിൽ, നിങ്ങളുടെ സ്വാഭാവിക മനുഷ്യനോട് ഇടപെട്ടിരിക്കുന്നു എന്ന് പ്രപഞ്ചത്തിന് ഒരു അടയാളമായി, യാഗപീഠത്തിന്മേൽ ന്യായംവിധിക്കപ്പെടുകയും ദഹിപ്പിക്കപ്പെടുകയും ചെയ്യേണ്ടതായ മത്സരമൂലകം നിങ്ങളിലുണ്ട്. എന്നാൽ നിങ്ങളുടെ ഉള്ളിൽ മറ്റൊരു മൂലകം കൂടിയുണ്ട്—പുനരുത്ഥാന ജീവനെന്ന നിലയിൽ ക്രിസ്തു തന്നെയായ വീണ്ടുംജനിപ്പിക്കപ്പെട്ട, ജീവമൂലകം. നിങ്ങൾ അതിവിശുദ്ധസ്ഥലത്തിലെ പെട്ടകത്തിലേക്കു കടക്കുകയും പുനരുത്ഥാന ജീവനായി ക്രിസ്തുവിനെ സ്പർശിക്കുകയും ചെയ്യുമ്പോൾ, ഈ മൂലകം നിങ്ങളുടെ നേതൃത്വമായിത്തീരും. അത് മറ്റുള്ളവരുടെ പോഷണത്തിനുവേണ്ടി തളിർക്കുകയും, പൂക്കുകയും ബദാംഫലം കായ്ക്കുകയും ചെയ്യും.

യുവ സഹോദരീ സഹോദരന്മാർപോലും സേവിക്കുന്നവരാണ്. എന്നാൽ അവരുടെ മത്സരസ്വഭാവം ദഹിപ്പിക്കപ്പെടുകയും,

അതിനോട് ഇടപെടുകയും, ന്യായംവിധിക്കപ്പെടുകയും, അവരുടെ ഉള്ളിലുള്ള പുനരുത്ഥാന ജീവൻ തളിർക്കുകയും, പൂക്കുകയും, മറ്റുള്ളവരെ പോറ്റുന്നതിന് ബദാംഫലം കായ്ക്കുകയും വേണം. ഏറ്റവും ചെറിയ സഹോദരീ സഹോദരന്മാരുടെ ഉള്ളിൽപോലും അതിമോഹവും മത്സരവും ഉണ്ട്. അവരും മൂപ്പന്മാരെ വിമർശിച്ചിട്ടുണ്ട്.

ശരിയായ അതിമോഹത്തിനായി കർത്താവിനെ സ്തുതിക്കുന്നു. എന്നിരുന്നാലും, നമുക്ക് മത്സര മൂലകമുണ്ടെന്നും നാം തിരിച്ചറിയണം. ഇതു രണ്ടും, അതിമോഹവും മത്സരവും, നമ്മുടെ ഉള്ളിൽ പോരാടുന്നിടത്തോളം, കെട്ടുപണിക്ക് മുന്നോട്ടുപോകാൻ കഴിയുകയില്ല. അതിനാൽ, മത്സരം ന്യായംവിധിക്കപ്പെടുകയും അതിമോഹം സമർത്ഥിക്കപ്പെടുയും ചെയ്യേണ്ടത് ആവശ്യമാണ്. നമ്മുടെ ഉള്ളിലുള്ള ക്രിസ്തുവിന്റെ മൂലകം സമർത്ഥിക്കപ്പെടുകയും, ബലപ്പെടുത്തപ്പെടുകയും, സമ്പന്നമാക്കപ്പെടുകയും, ഉയർത്തപ്പെടുകയും, തളിർക്കുവാനും, പൂക്കുവാനും, ബദാംഫലം കായ്ക്കുവാനും ഇടയാക്കപ്പെടുകയും വേണം. ന്യായവിധി മത്സരത്തിന്മേലും, സമർത്ഥനം അതിമോഹത്തിന്മേലും ആണ്. നമുക്ക് ഇങ്ങനെയുള്ള ശരിയായ ഒരു അതിമോഹം ഉണ്ട്. യാഗപീഠം മുതൽ തളിർക്കുന്ന വടി വരെയുള്ള പാതയിൽ നാം നടക്കുമ്പോൾ മത്സരം ഇല്ലാതാക്കപ്പെടുകയും അനുലോപരമായ അതിമോഹം വിടുവിക്കപ്പെടുകയും വേണം. അപ്പോൾ ദൈവജനത്തിന്റെ കെട്ടുപണിക്കു വേണ്ടിയുള്ള ശരിയായ നേതൃത്വവും ശരിയായ സേവനവും നമുക്കുണ്ടായിരിക്കും. ദൈവത്തിന്റെ കെട്ടുപണി തളിർക്കുന്ന ഈ വടിയെ ആശ്രയിച്ചിരിക്കുന്നു, അത് അതിവിശുദ്ധസ്ഥലത്തിലെ പെട്ടകത്തിനുള്ളിൽ മാത്രമേ അനുഭവമാക്കുവാൻ കഴിയുകയുള്ളൂ. ഇതിനുവേണ്ടി, നാം അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുവാൻ മുന്നോട്ടുവരികയും, ദൈവത്തിന്റെ സാക്ഷ്യത്തിന്റെ നിസ്തുല പെട്ടകമായ ക്രിസ്തുവിനെ ആസ്വദിക്കുകയും വേണം.